**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 720** **17-09-2025 - ൽ മറുപടിയ്ക്ക്**

**മലപ്പുറം പാക്കേജിന്റെ നിലവിലെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ വൈദ്യുതി വിതരണ മേഖലയിലെ സമഗ്രപുരോഗതി ലക്ഷ്യമിട്ട് പ്രഖ്യാപിച്ച 'മലപ്പുറം പാക്കേജി'ന്റെ നിലവിലെ പുരോഗതി വെളിപ്പെടുത്തുമോ; | (എ) | മലപ്പുറം ജില്ലയിൽ ദ്യുതി 2.0 പദ്ധതിയിൽ 410.93 കോടിയുടെ ഒരു സ്പെഷ്യൽ പാക്കേജിന് കെ.എസ്.ഇ.ബി.എൽ. അംഗീകാരം നൽകുകയുണ്ടായി. മലപ്പുറം ജില്ലയിൽ ഉൾപ്പെട്ട തിരൂർ, മഞ്ചേരി, നിലമ്പൂർ ഇലക്ട്രിക്കൽ സർക്കിളുകളിലായിട്ടാണ് സ്പെഷ്യൽ പാക്കേജിലുൾപ്പെട്ട പ്രവൃത്തികൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്.<br><br>നിലമ്പൂർ സർക്കിളിനു കീഴിൽ 2024-25-ൽ 169 വർക്കുകളാണ് പൂർത്തീകരിക്കാൻ തീരുമാനിച്ചിരുന്നത്. ടി വർക്കുകൾ 6 പാക്കേജുകളായിട്ടാണ് ടെണ്ടർ ചെയ്തത്. ടി ടെണ്ടറുകളിൽ പാക്കേജ് 3- ലെ പോസ്റ്റ് insertion വർക്കുകൾ പൂർത്തികരിച്ചു. പാക്കേജ് 3 ലെ AB Switch പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. പാക്കേജ് 5-ലെ പ്രവൃത്തിക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ബാക്കിയുള്ള പ്രവൃത്തികൾ ടെൻഡറിങ് കഴിഞ്ഞിരുന്നെങ്കിലും ടെൻഡർ ആരും കോട്ട് ചെയ്യുവാൻ ഇല്ലാതിരുന്നതിനാൽ റീ-ടെണ്ടർ നടപടികൾ പുരോഗമിച്ച കൊണ്ടിരിക്കുന്നു.<br><br>തിരൂർ സർക്കിളിനു കീഴിൽ 2024-25 സാമ്പത്തിക വർഷത്തെ ട്രാൻസ്ഫോർമർ ശേഷി വർദ്ധിപ്പിക്കുന്ന ജോലികൾ 14.11.2024 ൽ ഇ-ടെൻഡർ ചെയ്തിരുന്നു. 11.75 കോടി രൂപയുടെ പ്രവൃത്തികളാണ് ടെൻഡർ ചെയ്തിരുന്നത്. ലഭിച്ച ടെൻഡർ തുക PAC തുകയേക്കാൾ 9.8% അധികമായതിനാൽ പ്രസ്തുത ടെൻഡർ ക്യാൻസൽ ചെയ്ത് തുടർനടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. 2025-26 സാമ്പത്തിക വർഷത്തിൽ LT റീകണ്ടക്റ്ററിംഗ് വർക്കുകളും കൺവേർഷൻ വർക്കുകളുമാണ് ടെൻഡർ ചെയ്യാൻ ഉദ്ദേശിച്ചിരിക്കുന്നത്. അതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. |

| | | | |
|---|---|---|---|
| | | | മഞ്ചേരി സർക്കിളിനു കീഴിൽ 2024-25 സാമ്പത്തിക വർഷത്തിൽ ഇലക്ട്രിക്കൽ സെക്ഷനുകളിൽ നിന്ന് തിരിച്ചറിഞ്ഞ അടിയന്തര ജോലികൾ 11 പാക്കേജുകളായി തരംതിരിച്ച് ടെൻഡർ ചെയ്തിരുന്നു.<br><br>സാധാരണ ഗതിയിൽ വിതരണ രംഗത്തെ വർക്കുകൾ മെറ്റീരിയൽ കെ.എസ്.ഇ.ബി. പർച്ചേസ് ചെയ്യുകയും ലേബർ വർക്കുകൾ മാത്രം കരാർ വിളിച്ച് കൊടുക്കുകയും ആണ് ചെയ്തിരുന്നത്. നിലവിലുള്ള സാഹചര്യങ്ങൾ പരിഗണിച്ച് പ്രവൃത്തികൾ സമയബന്ധിതമായി തീർക്കുന്നതിന് വേണ്ടി ദ്യുതി സ്പെഷ്യൽ പാക്കേജ് ടേൺ കീ അടിസ്ഥാനത്തിലാണ് വിഭാവനം ചെയ്തത്. എന്നാൽ ജി.എസ്.ടി., centage charges തുടങ്ങിയ ചാർജുകൾ PAC (Probable Amount of Contract) ൽ ഉൾക്കൊള്ളിക്കുന്നതിൽ ചില അപാകതകൾ കണ്ടെത്തുകയും 26 ഏപ്രിൽ 2025 ൽ ടെൻഡർ റദ്ദാക്കേണ്ട അവസ്ഥയിലേക്ക് പോവുകയുമാണ് ഉണ്ടായത്. ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ ബോർഡിന്റെ പരിഗണനയിലാണ്.<br><br>നിലമ്പൂർ, തിരൂർ,മഞ്ചേരി സർക്കിളുകൾക്ക് കീഴിലുള്ള 2025-26 വർഷത്തെ ടെൻഡർ നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. |
| (ബി) | പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള ഹ്രസ്വകാല-ദീർഘകാല പദ്ധതികളുടെ വിശദാംശം നൽകാമോ; | (ബി) | പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (സി) | 2024-'25 സാമ്പത്തിക വർഷത്തെ 165.26 കോടി രൂപയുടെ പ്രവൃത്തികളും ടെൻഡർ ചെയ്തിട്ടുണ്ടോ; 2025-'26 സാമ്പത്തിക വർഷത്തെ പ്രവൃത്തികളുടെ പുരോഗതി വെളിപ്പെടുത്തുമോ; | (സി) | മലപ്പുറം ജില്ലയിൽ ദ്യുതി 2.0 പദ്ധതിയിൽ 410.93 കോടിയുടെ ഒരു സ്പെഷ്യൽ പാക്കേജിന് കെ.എസ്.ഇ.ബി.എൽ. അംഗീകാരം നൽകുകയുണ്ടായി. മലപ്പുറം ജില്ലയിൽ ഉൾപ്പെട്ട തിരൂർ, മഞ്ചേരി, നിലമ്പൂർ ഇലക്ട്രിക്കൽ സർക്കിളുകളിലായിട്ടാണ് സ്പെഷ്യൽ പാക്കേജിലുൾപ്പെട്ട പ്രവൃത്തികൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്.<br><br>നിലമ്പൂർ സർക്കിളിനു കീഴിൽ 2024-25-ൽ 169 വർക്കുകളാണ് പൂർത്തീകരിക്കാൻ തീരുമാനിച്ചിരുന്നത്. ടി വർക്കുകൾ 6 പാക്കേജുകളായിട്ടാണ് ടെണ്ടർ ചെയ്തത്. ടി ടെണ്ടറുകളിൽ പാക്കേജ് 3- ലെ പോസ്റ്റ് insertion വർക്കുകൾ പൂർത്തികരിച്ചു. പാക്കേജ് 3 ലെ AB Switch പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. പാക്കേജ് 5-ലെ പ്രവൃത്തിക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ബാക്കിയുള്ള പ്രവൃത്തികൾ ടെൻഡറിങ് കഴിഞ്ഞിരുന്നെങ്കിലും ടെൻഡർ ആരും ക്വോട്ട് ചെയ്യുവാൻ ഇല്ലാതിരുന്നതിനാൽ റീ-ടെണ്ടർ നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. |

| | | | |
|---|---|---|---|
| | | | തിരൂർ സർക്കിളിനു കീഴിൽ 2024-25 സാമ്പത്തിക വർഷത്തെ ട്രാൻസ്ഫോർമർ ശേഷി വർദ്ധിപ്പിക്കുന്ന ജോലികൾ 14.11.2024 ൽ ഇ-ടെൻഡർ ചെയ്തിരുന്നു. 11.75 കോടി രൂപയുടെ പ്രവൃത്തികളാണ് ടെൻഡർ ചെയ്തിരുന്നത്. ലഭിച്ച ടെൻഡർ തുക PAC തുകയേക്കാൾ 9.8% അധികമായതിനാൽ പ്രസ്തുത ടെൻഡർ ക്യാൻസൽ ചെയ്ത് തുടർനടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. 2025-26 സാമ്പത്തിക വർഷത്തിൽ LT റീകണ്ടക്ടറിംഗ് വർക്കുകളും കൺവേർഷൻ വർക്കുകളുമാണ് ടെൻഡർ ചെയ്യാൻ ഉദ്ദേശിച്ചിരിക്കുന്നത്. അതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.<br><br>മഞ്ചേരി സർക്കിളിനു കീഴിൽ 2024-25 സാമ്പത്തിക വർഷത്തിൽ ഇലക്ട്രിക്കൽ സെക്ഷനുകളിൽ നിന്ന് തിരിച്ചറിഞ്ഞ അടിയന്തര ജോലികൾ 11 പാക്കേജുകളായി തരംതിരിച്ച് ടെൻഡർ ചെയ്തിരുന്നു.<br><br>സാധാരണ ഗതിയിൽ വിതരണ രംഗത്തെ വർക്കുകൾ മെറ്റീരിയൽ കെ.എസ്.ഇ.ബി. പർച്ചേസ് ചെയ്യുകയും ലേബർ വർക്കുകൾ മാത്രം കരാർ വിളിച്ചു കൊടുക്കുകയും ആണ് ചെയ്തിരുന്നത്. നിലവിലുള്ള സാഹചര്യങ്ങൾ പരിഗണിച്ച് പ്രവൃത്തികൾ സമയബന്ധിതമായി തീർക്കുന്നതിന് വേണ്ടി ദ്യുതി സ്പെഷ്യൽ പാക്കേജ് ടേൺ കീ അടിസ്ഥാനത്തിലാണ് വിഭാവനം ചെയ്തത്. എന്നാൽ ജി.എസ്.ടി., centage charges തുടങ്ങിയ ചാർജ്ജുകൾ PAC (Probable Amount of Contract) ൽ ഉൾക്കൊള്ളിക്കുന്നതിൽ ചില അപാകതകൾ കണ്ടെത്തുകയും 26 ഏപ്രിൽ 2025 ൽ ടെൻഡർ റദ്ദാക്കേണ്ട അവസ്ഥയിലേക്ക് പോവുകയുമാണ് ഉണ്ടായത്. ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ ബോർഡിന്റെ പരിഗണനയിലാണ്.<br><br>നിലമ്പൂർ, തിരൂർ,മഞ്ചേരി സർക്കിളുകൾക്ക് കീഴിലുള്ള 2025-26 വർഷത്തെ ടെൻഡർ നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. |
| (ഡി) | പാക്കേജിലെ വിവിധ പദ്ധതികൾക്ക് മുൻഗണനാ ക്രമം നിശ്ചയിച്ചിട്ടുണ്ടോ; പാക്കേജ് പരിപൂർണ്ണമായും എന്നത്തേക്ക് യാഥാർത്ഥ്യമാകുമെന്ന് വെളിപ്പെടുത്തുമോ? | (ഡി) | പദ്ധതികൾക്ക് മുൻഗണന നിശ്ചയിച്ചിട്ടുണ്ട്. നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കൽ, പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, നിലവിലുള്ള സബ്സ്റ്റേഷനുകളിൽ നിന്നുള്ള ഫീഡറുകൾ, covered conductor, ഭൂഗർഭ കേബിളുകൾ, ഏരിയൽ ബഞ്ചഡ് കേബിൾ തുടങ്ങിയവ ഉപയോഗിച്ച് മാറ്റി സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾക്ക് മുൻഗണന നൽകിയിട്ടുണ്ട് . പാക്കേജ് |

| | | | |
|---|---|---|---|
| | | | പൂർണ്ണമായും 2027 മാർച്ച് മാസത്തോടുകൂടി യാഥാർഥ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## മലപ്പുറം പാക്കേജിൽ ഉൾപ്പെടുത്തിയിട്ടിയിരിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ

| പ്രവൃത്തികൾ | യൂണിറ്റ് തുക | Quantity | തുക (കോടിയിൽ) |
|---|---|---|---|
| ഏരിയൽ ബഞ്ചഡ്കേബിൾ ഉപയോഗിച്ചുള്ള ഹൈടെൻഷൻ ലൈൻ നിർമ്മാണം | km | 258.3 | 65.39 |
| Covered conductor ഉപയോഗിച്ചുള്ള ഹൈടെൻഷൻ ലൈൻ നിർമ്മാണം | km | 18.3 | 0.95 |
| Bare conductor ഉപയോഗിച്ചുള്ള ഹൈടെൻഷൻ ലൈൻ നിർമ്മാണം | km | 33.65 | 5.26 |
| ഭൂഗർഭകേബിൾ ഉപയോഗിച്ചുള്ള ഹൈടെൻഷൻ ലൈൻ നിർമ്മാണം | km | 183.3 | 62.92 |
| ഏരിയൽ ബഞ്ചഡ്കേബിൾ ഉപയോഗിച്ചുള്ള ലോടെൻഷൻ ലൈൻ നിർമ്മാണം | km | 676.3 | 52.24 |
| Covered conductor ഉപയോഗിച്ചുള്ള ലോടെൻഷൻ ലൈൻ നിർമ്മാണം | km | 2.31 | 0.2 |
| Bare conductor ഉപയോഗിച്ചുള്ള ലോടെൻഷൻ ലൈൻ നിർമ്മാണം | km | 4.95 | 0.34 |
| പുതുതായി ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | | 678 | 22.15 |
| AB Switch സ്ഥാപിക്കൽ | E | 151 | 0.76 |
| RMU സ്ഥാപിക്കൽ | E | 4 | 0.27 |
| ട്രാൻസ്ഫോർമറിന്റെ ശേഷി വർദ്ധിപ്പിക്കൽ | E | 756 | 35.31 |
| ഏരിയൽ ബഞ്ചഡ്കേബിൾ ഉപയോഗിച്ചുള്ള ഹൈടെൻഷൻ ലൈനിന്റെ റീകണ്ടക്ടറിംഗ് | km | 26.64 | 4.6 |
| Covered conductor ഉപയോഗിച്ചുള്ള ഹൈടെൻഷൻ ലൈനിന്റെ റീകണ്ടക്ടറിംഗ് | km | 179.8 | 44.25 |
| Covered conductor ഉപയോഗിച്ചുള്ള ലോടെൻഷൻ ലൈനിന്റെ റീകണ്ടക്ടറിംഗ് | km | 5 | 0.15 |
| Bare conductor ഉപയോഗിച്ചുള്ള ലോടെൻഷൻ ലൈനിന്റെ റീകണ്ടക്ടറിംഗ് | km | 1119 | 76.89 |
| സിംഗിൾ ഫേസ് കണ്ടക്ടറുകൾ ത്രീഫേസ്ആക്കിമാറ്റുന്നപ്രവൃത്തി | km | 21.75 | 0.85 |
| ലൈനുകളുടെയും ട്രാൻസ്ഫോർമറുകളുടെയും standardization പ്രവൃത്തികൾ | | | 38.4 |
| **ആകെ തുക (കോടിയിൽ)** | | | **410.93** |